**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷൻ നൽകിവരുന്ന ആനുകൂല്യത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചു വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. പ്രസ്തുത കടാശ്വാസം ലഭിക്കുന്നതിന് കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദിഷ്ട 'സി' ഫോറത്തിലുള്ള അപേക്ഷയും കർഷകനാണെന്ന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത്, ബാങ്ക് പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം കമ്മീഷനിൽ അപേക്ഷ നൽകുകയും അപേക്ഷയിന്മേൽ കമ്മീഷൻ സിറ്റിംഗ് നടത്തി കടാശ്വാസം അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചു വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 |

| | | | |
|---|---|---|---|
| | | | മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. പ്രസ്തുത കടാശ്വാസം ലഭിക്കുന്നതിന് കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദിഷ്ട 'സി' ഫോറത്തിലുള്ള അപേക്ഷയും കർഷകനാണെന്ന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത്, ബാങ്ക് പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം കമ്മീഷനിൽ അപേക്ഷ നൽകുകയും അപേക്ഷയിന്മേൽ കമ്മീഷൻ സിറ്റിംഗ് നടത്തി കടാശ്വാസം അനുവദിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ